Day 33 of 90 days ✝✝✝ 27th November 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഉറങ്ങുവാൻ സഹായിച്ച സമാധാനമാണത്. ആപത്തിന്റെയും വാളിന്റെയും നഗ്നതയുടെയും പട്ടിണിയുടെയും കല്ലേറിന്റെയും മുൻപിൽ പൗലൊസിനെ തളരാതെ നിലനിർത്തിയ സമാധാനമാണ്. മരണവേളയിലും സ്തേഫാനോസിന്റെ മുഖത്തെ പ്രകാശിപ്പിച്ച സമാധാനമാണത്. ആ സമാധാനം ആർക്കാണ് ലഭിക്കുന്നത്, എവിടെ നിന്ന്, എങ്ങനെ, ആര് നൽകും. നമ്മുടെ നല്ല ഇടയനായ കർത്താവിൽ നിന്നും മാത്രം ലഭിക്കുന്നതാണ്. യേശു ഇടയനായിരിക്കുന്നവർക്ക് സമാധാനത്തിന് യാതൊരു കുറവുമുണ്ടാകയില്ല.

യേശു ഇടയനായിരിക്കുന്നവർക്ക് സന്തോഷത്തിന് ഒരു കുറവുമുണ്ടാകയില്ല. ബാഹ്യമായ കാര്യങ്ങളാണ് ജീവിതത്തിന് സന്തോഷം നൽകുന്നത് എന്നു വിചാരിക്കുന്നവരും ഉണ്ട്. യാതൊരു നിലയിലും അതു യാഥാർത്ഥ്യമല്ല. സന്തോഷം കർത്താവിൽ നിന്നു മാത്രം ലഭിക്കുന്നതാണ്, അതാണ് ശ്വാശ്വതമായ സന്തോഷം, അത് പൂർണ്ണമായ സന്തോഷം ആണ്, ഒരു വ്യക്തിക്ക് ആവശ്യമായിട്ടുള്ളത്. 'യഹോവയിലെ സന്തോഷം നമ്മുടെ ബലം' ശലോമോൻ പറയുന്നത്. ' സന്തോഷമുള്ള ഹൃദയം ഏററവും നല്ല ഔഷധമാകുന്നു' എന്നാണ്. ജീവിതത്തിലെ ഏററവും ശ്രേഷ്ഠമായ വസ്തുത ഈ സന്തോഷമാണ്. ഇത് നിത്യമായ സന്തോഷമെന്നു മാത്രമല്ല, നിത്യതയിലേക്കു നയിക്കുന്ന സന്തോഷമാണ്. ഈ സന്തോഷത്തിന്റെ അടിസ്ഥാന കാരണമായി കർത്താവ് പറയുന്നത്, ' നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതുകൊണ്ട് സന്തോഷിപ്പിൻ' എന്നാണ്.

സ്വർഗ്ഗത്തിലെ ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ഏവരുടെയും അവകാശമാണ് ഈ സന്തോഷം. യേശു ഇടയനായിരിക്കുന്നവന് ബാഹ്യമായ മറെറന്തെല്ലാം കാര്യങ്ങൾക്ക് കുറവുണ്ടായിരുന്നാലും ഈ ആത്മീയ സന്തോഷത്തിന് യാതൊരു കുറവു ഉണ്ടാകുകയില്ല. കഷ്ടതയിൽ പ്രശംസിക്കുന്ന, കാരാഗൃഹത്തിൽ പാടുന്ന, വേദനയിൽ സന്തോഷിക്കുന്ന, പോരട്ടത്തിൽ ആനന്ദിക്കുന്ന, മരണത്തിലും ധൈര്യപ്പെടുത്തുന്ന സന്തോഷമാണിത്. നമ്മുടെ ജീവിതത്തിൽ അത് പൂർണ്ണമായി അനുഭവിക്കുവാൻ ആഗ്രഹിച്ച് നന്മപ്രവൃത്തികൾ ചെയ്തു ദൈവത്തെ സ്തുതിക്കാം.

തുടരും....